LIBRARY ARCHIVES Kerala Legislative Assembly

11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് നടത്തിയ സംഭവം

137 (7700) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് പ്രകടനത്തിനു വിധേയമാക്കുമ്പോൾ ഇവിടെയുണ്ടായിരുന്ന കണ്ണൂർ എസ്.പി. പ്രസ്തുത പരിപാടിക്ക് പിന്തുണ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ എസ്.പി.-ക്കെതിരെ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ പോലീസ് മേധാവി പ്രസ്തുത പരിപാടിക്ക് പിന്തുണ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 21-5-2014-ാം തീയതി കണ്ണൂർ ജില്ലാ പോലീസ് മേധാവി പ്രസ്തുത പരിപാടിക്ക് സ്ഥലത്തുണ്ടായിരുന്നതായി ശ്രദ്ധതിയിൽപ്പെട്ടിട്ടുണ്ട്.

(ബി) 11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് പ്രകടനത്തിന് വിധേയമാക്കിയത് സംബന്ധിച്ച് ശ്രീ. ടി. കെ. നവീനചന്ദ്രൻ എന്നയാൾ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്കെതിരെ നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ നോർത്ത് സോൺ എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നാഷണൽ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ

138 (7701) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നാഷണൽ പോലീസ് കമ്മീഷന്റെ എഴാമത് റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല.

വിക്ടിം കോമ്പൻസേഷൻ സ്കീം

139 (7702) ശ്രീ. കെ. വി. അബ്ദുൾ ഖാദർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം എടുത്തത് എന്നാണ് ; ഏത് തീയതി മുതലാണ് പ്രസ്തുത സ്കീം പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത സ്കീമിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ ; എങ്കിൽ എത്ര ;

(സി) പ്രസ്തുത സ്കീമിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; സ്കീം നടപ്പിലാക്കുന്നതിൽ പ്രതിവർഷം എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-2-2014 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നമ്പർ 37/2014/ ആഭ്യന്തരം പ്രകാരം വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വിക്ടിം കോമ്പൻസേഷൻ റൂളും ഫണ്ടും രൂപീകരിച്ചശേഷം മാത്രമേ സ്കീം പ്രാവർത്തികമാകുകയുള്ളൂ.

(ബി) 2014-15 വർഷത്തിലെ 1-ാം ഉപധനാഭ്യർത്ഥനയിൽ ഒരു കോടി രൂപ വകയിരുത്തുന്നതിനായി ധനവകുപ്പിന് ശിപാർശ നൽകിയിട്ടുണ്ട്.

(സി) കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക് കുറ്റകൃത്യങ്ങളുടെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക യെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് പ്രതിവർഷം എത്ര രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല.

ഫെയ്സ് ബുക്കിലൂടെ തെരഞ്ഞെടുപ്പ് പ്രചരണം നടത്തിയ പോലീസുകാർക്കെതിരെ നടപടി

140 (7703) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുവേളയിൽ ഫെയ്സ്ബുക്കിലൂടെ തെരഞ്ഞെടുപ്പ് പ്രചരണവും രാഷ്ട്രീയപ്രചരണവും നടത്തിയ മന്ത്രിമാരുടെ ഗൺമാൻമാർ അടക്കമുള്ള പോലീസ് സേനയിലെ അംഗങ്ങൾക്കെതിരെ സംസ്ഥാന പോലീസ് മേധാവിക്ക് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആർക്കെല്ലാം എതിരെ, ആരൊക്കെ പരാതി നൽകിയിട്ടുണ്ട് ;

(സി) ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എതിരെ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly